സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാള്യം: 62 | ലക്കം: 181 | 2026 ഒക്ടോബർ 10 ശനി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


## സുപ്രീം കോടതി വിലക്കിയിട്ടും 45 മെട്രോ സ്റ്റേഷനുകൾ പൂട്ടി; കേന്ദ്രത്തിനെതിരെ കോടതിയലക്ഷ്യ ഹരജി

ന്യൂഡൽഹി: ഡൽഹി മെട്രോ സ്റ്റേഷനുകൾ അടച്ചിട്ടതിനെതിരെ സുപ്രീം കോടതിയിൽ കോടതിയലക്ഷ്യ ഹരജി. കോടതി നിർദേശം മറികടന്നാണ് സ്റ്റേഷനുകൾ പൂട്ടിയതെന്ന് ചൂണ്ടിക്കാട്ടി അഭിഭാഷകൻ ശൈലേന്ദ്ര മണി ത്രിപാഠിയാണ് ശനിയാഴ്ച ഹരജി നൽകിയത്. കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ അടക്കമുള്ളവരാണ് എതിർകക്ഷികൾ. സിജെപിയുടെ പ്രതിഷേധത്തെ തുടർന്നാണ് വിവാദം. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർക്കെതിരെ സിജെപി പ്രഖ്യാപിച്ച പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ ഡൽഹിയിൽ 57 മെട്രോ സ്റ്റേഷനുകൾ അടക്കാനും ട്രെയിനുകൾ റദ്ദാക്കാനും തീരുമാനിച്ചിരുന്നു. ഇത് ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതി ഇടപെട്ടത്.

# ‘ജയിൽ പോലുള്ള വാഹനം, നാല് അറകൾ; മണിക്കൂറോളമായി നഗരം ചുറ്റിക്കുന്നു; പോലീസ് മോശമായി പെരുമാറുന്നു’

ന്യൂഡൽഹി: മുൻ മുഖ്യമന്ത്രി പിണറായി വിജയൻ, ജോൺ ബ്രിട്ടാസ്, കെ.എൻ. ബാലഗോപാൽ അടക്കമുള്ള നേതാക്കളെ ഛത്രസാൽ സ്റ്റേഡിയത്തിൽ എത്തിച്ചു. ഇവിടെയാണ് ഇവരെ കരുതൽ തടങ്കലിൽ വെച്ചിരിക്കുന്നത്. മുൻ ത്രിപുര മുഖ്യമന്ത്രി മണിക് സർക്കാർ, സി.ഐ.ടി.യു. നേതാവ് എളമരം കരീം, സിപിഐ നേതാവ് പ്രകാശ് ബാബു തുടങ്ങിയവരെ സിങ്കു അതിർത്തിക്കടുത്തുള്ള ബുരാരിയിൽ എത്തിച്ചതായാണ് വിവരം.

മണിക്കൂറുകളോളം നഗരം ചുറ്റിച്ച ശേഷമാണ് തങ്ങളെ ഇവിടെ എത്തിച്ചതെന്ന് ജോൺ ബ്രിട്ടാസ് പറഞ്ഞു. ജയിൽപോലെ അറകളുള്ള വാഹനത്തിലാണ് തങ്ങളെ കസ്റ്റഡിയിൽ എടുത്ത് കൊണ്ടുപോയതെന്ന് പി. രാജീവ് പറഞ്ഞു.

‘ഒരു മണിക്കൂറോളം ആയി വാഹനത്തിൽ. അറകളുള്ള വാഹനത്തിലൂടെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. എങ്ങോട്ടാണെന്ന് അറിയില്ല. പോലീസ് സ്റ്റേഷനിലേക്കാണെന്നാണ് പറഞ്ഞത്. കേരള ഹൗസിൽനിന്ന് പുറത്തേക്ക് ഇറങ്ങുമ്പോൾതന്നെ എല്ലാവരേയും കസ്റ്റഡിയിൽ എടുക്കുകയായിരുന്നു. തുടർച്ചയായി ചുറ്റിക്കൊണ്ടിരിക്കുകയാണ്. ഒരു മണിക്കൂറോളമായി. നാല് അറകളാണ് വാഹനത്തിൽ ഉള്ളത്. 15 പേരാണ് ഒപ്പം ഉള്ളത്. പോലീസിന്റെ ബലപ്രയോഗത്തിൽ പലർക്കും പരിക്കുണ്ട്’- പി. രാജീവ് പറഞ്ഞു.



‘പോലീസ് ബലം പ്രയോഗിച്ച് കസ്റ്റഡിയിൽ എടുത്ത് ഞങ്ങളെ എങ്ങോട്ടോ കൊണ്ടുവന്നിരിക്കുകയാണ്. 25-ഓളം പ്രവർത്തകർ വാഹനത്തിൽ ഉണ്ടായിരുന്നു. ബുരാരിയിലാണ് ഇപ്പോൾ ഞങ്ങളെ എത്തിച്ചിരിക്കുന്നത്. സിപിഎം നേതാക്കളൊക്കെ ഇവിടെ ഉണ്ട്. ഒരു മുറിയിൽ കൊണ്ടുവന്ന് ഇരുത്തിയിരിക്കുകയാണ്. വളരെ മോശമായ നിലയിലാണ് പോലീസ് പെരുമാറുന്നത്.’- എളമരം കരീം പറഞ്ഞു.

‘ഒരു മണിക്കൂറോളം നഗരത്തിൽ റോന്ത് ചുറ്റിച്ച ശേഷം ഛത്രസാൽ സ്റ്റേഡിയത്തിൽ എത്തിച്ചിരിക്കുകയാണ്. എന്താണ് ഞങ്ങൾ ചെയ്ത കുറ്റം എന്ന് അറിയില്ല. സാമാന്യ മര്യാദയില്ലാതെയാണ് പോലീസ് പെരുമാറുന്നത്. ഫോട്ടോ എടുത്താൽ പേടിപ്പിക്കുന്ന അവസ്ഥയാണ്. ഇതാണ് ഡൽഹിയിൽ നടന്നുകൊണ്ടിരിക്കുന്നത്.’- ജോൺ ബ്രിട്ടാസ് എം.പി. പറഞ്ഞു.

അതേസമയം ആം ആദ്മി പാർട്ടി നേതാവ് കെജ്രിവാളിന്റെ വസതിക്ക് മുമ്പിൽ വൻ പോലീസ് സന്നാഹത്തെ വിന്യസിച്ചിട്ടുണ്ട്.

# നിലപാട് കടുപ്പിച്ച് രാഹുൽ ഗാന്ധി

## ഗ്യാനേഷ് കുമാർ പോകും, ഈ സർക്കാരും പോകും, ജനാധിപത്യത്തിന്റെ പുനരുദ്ധാരണം ആരംഭിക്കും



ന്യൂഡൽഹി: വോട്ടർപട്ടിക ക്രമക്കേടിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനും മോദി സർക്കാരിനും എതിരേ നിലപാട് കടുപ്പിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാർ പുറത്തുപോകുകയും നിലവിലെ ഭരണകൂടം മാറുകയും ചെയ്തതിനുശേഷമേ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെടുകയുള്ളൂ എന്ന് രാഹുൽ വ്യക്തമാക്കി. എക്സിലാണ് അദ്ദേഹത്തിന്റെ വിമർശനം. ‘ഗ്യാനേഷ് കുമാർ പോകും. ഈ സർക്കാരും പോകും. അപ്പോൾ ജനാധിപത്യത്തിന്റെ പുനരുദ്ധാരണം ആരംഭിക്കും,’ രാഹുൽ ഗാന്ധി എഴുതി.

ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ ശക്തമായ സമരങ്ങൾ നയിച്ച രാഹുൽ, ഇന്ന് സി.ജെ.പിയുടെ നേതൃത്വത്തിൽ പ്രതിഷേധം നടക്കാനിരിക്കെ ചെന്നൈയിലേക്ക് പുറപ്പെട്ടു. വിദ്യാർഥികളുമായുള്ള സംവാദ പരിപാടിയുടെ മൂന്നാം ഘട്ടത്തിനായാണ് രാഹുൽ ഗാന്ധി ചെന്നൈക്ക് പോകുന്നത്. ഉച്ചയ്ക്ക് 12:30-ഓടെ ചെന്നൈയിലെത്തുന്ന അദ്ദേഹം, മുൻമുഖ്യമന്ത്രി എം.കെ. സ്റ്റാലിനുമായി (അല്ലെങ്കിൽ തമിഴ്നാട് മുഖ്യമന്ത്രിയുമായി) കൂടിക്കാഴ്ച നടത്തുകയും വിരുന്നിൽ പങ്കെടുക്കുകയും ചെയ്യും. തുടർന്ന് വൈകിട്ട് അഞ്ചുമണിക്കാണ് വിദ്യാർഥികളുമായി സംവാദം നടക്കുക.

ഗ്യാനേഷ് കുമാർ രാജി വെക്കണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ തലസ്ഥാനത്ത് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ശക്തമായ സമരങ്ങൾ നടത്തിയിരുന്നു. വോട്ടുകൊള്ളയിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറെ പദവിയിൽ നിന്നും മാറ്റണമെന്നും തെരഞ്ഞെടുപ്പുകളിൽ ബാലറ്റ് പേപ്പർ നടപ്പാക്കണമെന്നും ആവശ്യപ്പെട്ട് ഇന്നലെ രാഷ്ട്രപതി ദ്രൗപതി മുർമുവിന് ഇൻഡ്യാ സഖ്യം നിവേദനം നൽകുകയും ചെയ്തിരുന്നു.

ആവശ്യങ്ങൾ ക്ഷമയോടെ കേട്ട രാഷ്ട്രപതി, വിഷയം ഗൗരവമായി അന്വേഷിക്കാമെന്ന് പറഞ്ഞതായി കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് ഖാർഗെ വ്യക്തമാക്കി. വോട്ടുകൊള്ളയ്ക്ക് തെളിവുണ്ടോ എന്ന് രാഷ്ട്രപതി ചോദിച്ചിരുന്നു. എല്ലാ തെളിവുകളും ശേഖരിച്ച് ഉടൻ സമർപ്പിക്കും. രാഷ്ട്രപതി തങ്ങളെ ക്ഷമയോടെ കേട്ടതിൽ തങ്ങൾ സംതൃപ്തരാണെന്നും അദ്ദേഹം വ്യക്തമാക്കി. പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾ രാഷ്ട്രപതി നിഷേധിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്തില്ലെന്നും, വോട്ടുകൊള്ളയുടെ തെളിവുകൾ നൽകാൻ അവർ ആവശ്യപ്പെട്ടതായും രാഹുൽ ഗാന്ധി പറഞ്ഞു. ചീഫ് ജസ്റ്റിസിനെ കണ്ട് നിവേദനം കൈമാറാൻ തിങ്കളാഴ്ച സുപ്രീം കോടതിയെ സമീപിക്കുമെന്നും രാഹുൽ ഗാന്ധി അറിയിച്ചു.

പ്രതിപക്ഷത്തിന്റെ കരുത്തുറ്റ പ്രക്ഷോഭം കേന്ദ്ര സർക്കാരിന്റെ അടിത്തറ ഇളക്കിയിരിക്കുകയാണെന്നും, സമരം ഇതുപോലെ തുടർന്നാൽ സർക്കാർ നിലംപൊത്തുമെന്നും അദ്ദേഹം ‘എക്സി’ൽ കുറിച്ചു.

സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാനുള്ള ഇന്ത്യയിലെ ജനങ്ങളുടെ സ്വാതന്ത്ര്യമാണ് ജനാധിപത്യത്തിന്റെ നിലനിൽപ്പിന്റെ അടിത്തറ. അത് സംരക്ഷിച്ചാൽ മാത്രമേ ഭരണഘടനയ്ക്കും നിലനിൽപ്പുള്ളു. 2004 താൻ രാഷ്ട്രീയത്തിൽ പ്രവേശിച്ചപ്പോൾ ഇന്ത്യ സ്വതന്ത്ര, ജനാധിപത്യ രാജ്യമായിരുന്നു. എന്നാൽ 2014ൽ അതിൽ അടിസ്ഥാനപരമായ മാറ്റം സംഭവിച്ചു. അതിന്റെ കാരണം ഇന്ന് രാജ്യത്തെ എല്ലാ ജനങ്ങൾക്കും അറിയാമെന്നും പാർലമെൻറിലെ സെൻട്രൽ ഹാളിൽ പ്രതിപക്ഷ എംപിമാരെ അഭിസംബോധന ചെയ്തു കൊണ്ട് രാഹുൽ ഗാന്ധി പറഞ്ഞു.

വോട്ട് നിഷേധവും തിരഞ്ഞെടുപ്പ് ക്രമക്കേടും രാജ്യദ്രോഹക്കുറ്റമാണ്. ജനാധിപത്യ സംവിധാനത്തിന്റെ പ്രവർത്തനത്തിൽ തകരാറുണ്ടെങ്കിൽ, ഭരണഘടനയ്ക്ക് നിലനിൽപ്പില്ല. ഭരണഘടന പ്രവർത്തിക്കുന്നില്ലെങ്കിൽ, പാർലമെൻറ് പാസാക്കിയ ഓരോ നിയമവും നിയമവിരുദ്ധമാകും. അതുവഴി നിയമിച്ച ഭരണഘടനാ സ്ഥാനങ്ങളും നിയമവിരുദ്ധമാകും. മുൻപൊരിക്കലും നാം ഇതുപോലൊരു സാഹചര്യം നേരിട്ടിട്ടില്ലെന്നും രാഹുൽ പറഞ്ഞു.

മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ ഇതെല്ലാം നടപ്പാക്കേണ്ടയാൾ മാത്രമാണ്. സേവകനാണ്, രാജാവല്ല. എന്നിട്ടും അദ്ദേഹം ജനപ്രതിനിധികളെ കാണില്ലെന്ന് പറയുന്നു. സ്വയം ആരാണെന്നാണ് അയാൾ കരുതുന്നത്? അദ്ദേഹം നമ്മെ കാണും, എവിടെ വെച്ചാണെന്നറിയാമോ? ജയിലഴിക്കുള്ളിൽ വെച്ച്.

## പിണറായിക്കെതിരെ തിങ്കളാഴ്ച എഫ്ഐആർ രജിസ്റ്റർ ചെയ്യും’; അപ്പീൽ പോകേണ്ട ആവശ്യമില്ല: രമേശ് ചെന്നിത്തല

ഇടുക്കി: സിഎംആർഎൽ – എക്സാലോജിക് സാമ്പത്തിക ഇടപാടിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയനെതിരെ നിയമനടപടിയുമായി മുന്നോട്ട് പോകുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. തിങ്കളാഴ്ച തന്നെ എഫ്ഐആർ രജിസ്റ്റർ ചെയ്യുമെന്നും സർക്കാർ അപ്പീൽ പോകേണ്ട ആവശ്യമില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

പിണറായി വിജയനും മുഹമ്മദ് റിയാസിനുമെതിരെ കേസെടുക്കണമെന്ന ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ സർക്കാർ അപ്പീൽ നൽകില്ലെന്ന് മുഖ്യമന്ത്രി ഇന്നലെ പ്രതികരിച്ചിരുന്നു. കോടതി ഉത്തരവ് അനുസരിച്ച് അഴിമതി നിരോധന നിയമപ്രകാരം വിജിലൻസ് കേസെടുക്കും. ഉത്തരവ് അനുസരിക്കുമെന്നും സർക്കാർ അനാവശ്യ ധൃതി കാണിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇഡി സമർപ്പിച്ച വിവരങ്ങളിൽ കേസെടുക്കുന്നതിന് വേണ്ട തെളിവുണ്ടെന്നാണ് കോടതിയുടെ കണ്ടെത്തൽ. അഴിമതിക്ക് വ്യക്തമായ തെളിവുകളുണ്ടായിട്ടും കേസെടുത്ത് മുന്നോട്ട് പോകുന്നതിന് പകരം ക്രൈംബ്രാഞ്ചിന്റെ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചത് നിയമവിരുദ്ധമാണെന്നും ഹൈക്കോടതി ഉത്തരവിലുണ്ട്. ഇത് സംസ്ഥാന സർക്കാരിനും വലിയ തിരിച്ചടിയാണ്. കാലതാമസമില്ലാതെ അന്വേഷണം പൂർത്തിയാക്കണമെന്നാണ് ഹൈക്കോടതി ഉത്തരവിൽ നിർദേശിച്ചിരിക്കുന്നത്.

## സിജെപി സമരം; പിണറായി വിജയൻ കസ്റ്റഡിയിൽ



ഡൽഹി: ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് സിജെപി ആഹ്വാനം ചെയ്ത സമരത്തിൽ പങ്കെടുക്കാൻ ജന്തർമന്തറിലേക്ക് എത്തിയ പിണറായി വിജയൻ കസ്റ്റഡിയിൽ. സമരമുഖത്തേക്ക് എത്തിയ സിപിഎം നേതാക്കളെയെല്ലാം കസ്റ്റഡിയിലെടുത്തിട്ടുണ്ട്. എം.എ.ബേബി, എം.വി.ഗോവിന്ദൻ, പി.കെ. ശ്രീമതി, കെ.കെ.ശൈലജ, ബൃന്ദ കാരാട്ട് എന്നിവരും കസ്റ്റഡിയിൽ. നേതാക്കളെ പൊലീസ് വലിച്ചിഴച്ചാണ് വാനിൽ കയറ്റിയത്. ബാലഗോപാൽ,ജോൺ ബ്രിട്ടാസ് എന്നിവരെ പിണറായി വിജയനൊപ്പം ജന്തർ മന്തറിലേക്ക് പോകാൻ പൊലീസ് ആദ്യം അനുവദിച്ചിരുന്നു. കെ. രാധാകൃഷ്ണൻ എംപിയും ജന്തർ മന്തറിലേക്ക് എത്തിയിട്ടുണ്ട്. കേരള ഹൗസിലേക്കുള്ള റോഡും ഡൽഹി പൊലീസ് അടച്ചു.

## ‘അറസ്റ്റ് ചെയ്യൂ, ഭയമില്ല’: അഭിജീത് ദീപ്കെ

### വിമാനത്തിനുള്ളിൽവെച്ച് അറസ്റ്റ്; ഡൽഹി പോലീസിന്റെ നാടകീയ നീക്കം

ന്യൂഡൽഹി സിജെപി സ്ഥാപകൻ അഭിജീത് ദീപ്കെയെ കസ്റ്റഡിയിലെടുത്ത് ഡൽഹി പൊലീസ്. വിമാനത്തിൽ കയറി ജന്തർമന്തറിൽ സമരത്തിനായി മുംബൈയിൽ നിന്നും ഡൽഹിയിലേക്ക് എത്തിയ സിജെപി സ്ഥാപകൻ അഭിജീത് ദീപ്കെയെ കസ്റ്റഡിയിലെടുത്ത് ഡൽഹി പൊലീസ്. വിമാനത്തിൽ കയറിയാണ് ഡൽഹി പൊലീസിന്റെ നടപടി. അറസ്റ്റ് വരിക്കാനാണ് താനെത്തിയതെന്നും അറസ്റ്റ് ചെയ്യൂവെന്നും ദീപ്കെ ഡൽഹി പൊലീസിനോട് ആവശ്യപ്പെട്ടു. എന്നാൽ ഇത് അറസ്റ്റല്ല, ദയവായി സഹകരിക്കണമെന്നായിരുന്നു വിമാനത്തിനുള്ളിലേക്ക് കയറി ദീപ്കെയെ കസ്റ്റഡിയിലെടുത്ത പൊലീസിന്റെ മറുപടി. ദീപ്കെയ്ക്ക് പുറമെ സൗരവ് ഘോഷും അശുതോഷ് റാങ്കയും കസ്റ്റഡിയിലായിട്ടുണ്ട്.



നേതാക്കളെ വിമാനത്തിൽ കയറി കസ്റ്റഡിയിലെടുത്തത് അപലപനീയമെന്ന് സിജെപി. ദീപ്കെ ഉൾപ്പടെയുള്ള നേതാക്കളെ ഉടൻ വിട്ടയയ്ക്കണമെന്നും പാർട്ടി ആവശ്യപ്പെട്ടു. മുൻകൂട്ടി തയാറാക്കിയ നാടകമാണ് ഡൽഹി പൊലീസിന്റേതെന്നും പ്രക്ഷോഭസ്ഥലത്തേക്ക് നേതാക്കൾ എത്താതിരിക്കാൻ തടയുകയാണെന്നും പാർട്ടി ആരോപിച്ചു.

നേരത്തേ പ്രതിഷേധത്തിൽ പങ്കെടുക്കാനെത്തിയ പ്രമുഖ യൂട്യൂബറും ഇൻഫ്ലുവൻസറുമായ ധ്രുവ് റാഠിയെ ഗുരുഗ്രാമിലെ വസതിയിൽനിന്ന് ഡൽഹി പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു. ഇന്ന് രാവിലെ ഏഴേമുക്കാലോടെ സെക്ടർ 56-ലെ അദ്ദേഹത്തിന്റെ വസതിയിൽവെച്ചായിരുന്നു സംഭവം. രാവിലെ ധ്രുവ് റാഠിയുടെ അമ്മ വാതിൽ തുറന്നതോടെ പോലീസ് അകത്തുകയറി റാഠിയെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. അർധരാത്രിയിൽ അൻപതോളം വരുന്ന പൊലീസ് സംഘം അദ്ദേഹത്തിന്റെ വീടിനുമുന്നിൽ നിലയുറപ്പിച്ചിരുന്നു.

കേരള ഹൗസിന് മുന്നിൽ മാർച്ചിനൊരുങ്ങുന്നതിനിടെ സി.പി.എം. ജനറൽ സെക്രട്ടറി എം.എ. ബേബി, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, എം.വി. ഗോവിന്ദൻ, ബൃന്ദ കാരാട്ട്, ജോൺ ബ്രിട്ടാസ് ഉൾപ്പെടെയുള്ളവരെയും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കേരള ഹൗസിലേക്ക് തിരികെ കയറണമെന്നാണ് സി.പി.എം. നേതാക്കൾക്ക് പോലീസ് നൽകുന്ന നിർദേശം. ഡൽഹിയിൽ പലയിടങ്ങളിലായി ആയിരക്കണക്കിന് പേരെ പോലീസ് ഇതിനകം കസ്റ്റഡിയിലെടുത്തു.

സമരത്തിന് അനുമതി നിഷേധിച്ച് കേന്ദ്ര ഭരണകൂടവും ഡൽഹി പൊലീസും നഗരത്തെ പൂർണമായി സുരക്ഷാ വലയത്തിലാക്കിയിരിക്കുകയാണ്. തലസ്ഥാനനഗരിയെ 20 മേഖലകളായി തിരിക്കുകയും പ്രതിഷേധക്കാരെ തടവിലിടാനായി ഡൽഹിയിലെ സ്റ്റേഡിയങ്ങളെല്ലാം താത്കാലിക ഡിറ്റൻഷൻ സെന്ററുകളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

## നാട്ടികയിൽ ടോൾ പിരിവ് പുനരാരംഭിച്ചു

തൃപ്രയാർ: ദേശീയപാതയിലെ നാട്ടിക ടോൾ പ്ലാസയിൽ ടോൾ പിരിവ് പുനരാരംഭിച്ചു. അൽപ്പം മുൻപ് മുതലാണ് വീണ്ടും ടോൾ പിരിച്ചു തുടങ്ങിയത്. എട്ടാം തീയതി തുടങ്ങിയ ടോൾ പിരിവ് ജനകീയ സമരം മൂലം നിർത്തിവെച്ചിരുന്നതാണ്. ഇന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ അനുമതിയോടെ കനത്ത പോലീസ് സംരക്ഷണത്തിലാണ് ടോൾ പിരിവ് പുനരാരംഭിച്ചത്.

## റവന്യൂ ജില്ലാ സ്കൂൾ കായിക മേളക്ക് ഇന്ന് സമാപനം

കുന്നംകുളം: തൃശൂർ റവന്യൂ ജില്ലാ സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം ഇന്ന് വൈകീട്ട് 4 മണിക്ക് കുന്നംകുളത്ത് നടക്കും. കുന്നംകുളം എം എൽ എ എ സി മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്ന സമാപന സമ്മേളനത്തിൽ നഗരസഭാ ചെയർപേഴ്സൺ ചാവക്കാട് ഡി ഇ ഒ സ്റ്റിവ് കെ പി സ്വാഗതവും തൃശൂർ ഡി ഡി ഇ ടി ഷൈല, കായിക മേള അവലോകനവും ചെയ്യും.

കായികമേളയുടെ നടത്തിപ്പിൽ പങ്കാളിയായ ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും. ജില്ലയിലെ വിവിധ സ്കൂളുക ളിൽ നിന്നുള്ള വിദ്യാർത്ഥിക ളുടെ കായിക മികവ് പ്രകടിപ്പി ക്കുന്നതിനും കായിക രംഗത്ത് കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിനുമായി സംഘടിപ്പിച്ച തശൂർ റവന്യൂ ജില്ലാ കായിക മേളയുടെ സമാപന ത്തോടനുബന്ധിച്ച് വിജയി കൾക്കുള്ള അംഗീകാരവും നൽകും.

## 35 ഗ്രാം എം ഡി എം എ യുമായി യുവാവ് അറസ്റ്റിൽ

കുന്നംകുളം പോർക്കളേങ്ങാട് 35 ഗ്രാം എം ഡി എം എ യുമായി യുവാവിനെ കുന്നംകുളം പോലീസും ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ചേർന്ന് അറസ്റ്റ് ചെയ്തു. സ്രാമ്പിക്കൽ വീട്ടിൽ ഡാനിയേൽ (26) ആണ് അറസ്റ്റിലായത്. ബാംഗ്ലൂരിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് എം ഡി എം എ വാങ്ങി കുന്നംകുളം മേഖലയിൽ ഉയർന്ന വിൽപ്പന നടത്തുകയാണ് പ്രതിയുടെ രീതിയെന്ന് പോലീസ് പറഞ്ഞു.

### കോടതി പരസ്യം

**ബഹു. തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ**

OP (Guardian) 899/2025

ഹർജിക്കാരി

ലിബിയ ബെന്നി, 32 വയസ്സ്, D/o സാലിബെന്നി, ചാമക്കാല ഹൗസ്, കണ്ണാറ ദേശം,കണ്ണാറ (പി.ഒ), പീച്ചി വില്ലേജ്, തൃശ്ശൂർ താലൂക്ക്,തൃശ്ശൂർ ജില്ല, പിൻ - 680 652

എതൃകക്ഷി

ലിസൻ സാം, 34 വയസ്സ്, S/o സാം ഫിലിപ്പ്, കാഞ്ഞിക്കാവിൽ ഹൗസ്, വീണ്ടശ്ശേരി ദേശം, കണ്ണാറ പി.ഒ., പീച്ചി വില്ലേജ്, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ - 680652.

മൈനർമാർ

1) ആൽഫി, 11 വയസ്സ്, S/o ലിസൻ സാം, കാഞ്ഞിക്കാവിൽ ഹൗസ്, വീണ്ടശ്ശേരി ദേശം, കണ്ണാറ പി.ഒ., പീച്ചി വില്ലേജ്, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ - 680652.

2) അയറ മാഗിൻ ട്രീസ, 3 വയസ്സ്, S/o ലിസൻ സാം, കാഞ്ഞിക്കാവിൽ ഹൗസ്, വീണ്ടശ്ശേരി ദേശം, കണ്ണാറ പി.ഒ., പീച്ചി വില്ലേജ്, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ - 680652.

പത്രപരസ്യം

മേൽ നമ്പറിൽ ഹർജിമാർജിനിൽ പേരുവിവരം പറയുന്ന മൈനർ കുട്ടികളുടെ ദേഹത്തിന്റെ രക്ഷാകർത്താവായി ഹർജിക്കാരിയെ നിയമിച്ചും, മൈനർ കുട്ടികളുടെ പെർമനന്റ് കസ്റ്റഡി ഹർജിക്കാരിയ്ക്കാണെണെന്ന് കല്പിച്ചും, ബഹു. കോടതിയ്ക്ക് യുക്തമെന്ന് തോന്നുന്ന ഇതരനിവൃത്തികൾ അനുവദിച്ചും ഒരു ഉത്തരവാകുന്നതിന് വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ ഹർജി **26-10-2026** തിയ്യതിയ്ക്ക് വിചാരണയ്ക്ക് വെച്ചിരിയ്ക്കുന്നു. ടി കാര്യത്തിൽ ആക്ഷേപമുള്ളവർ അന്നേദിവസം പകൽ11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽ നമ്പർ കേസ് ടിയാരെ കൂടാതെ തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 06-10-2026
ഹരജി ഭാഗം അഡ്വ:
**നിജിൽ ശിവരാമൻ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ 4-ാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ**

EP No. 48/2026

Arb Case IDA: 252199

മേബൻ നിധി ലിമിറ്റഡ്, ബിൽഡിംഗ് നമ്പർ 4/709 B, First Floor, J.P. Tower, P.O. വലപ്പാട്, ചാവക്കാട് താലക്ക്, Rep. by ലീഗൽ ഓഫീസർ, ആതിര കെ ആർ

-വിധി ഉടമ

1. സലീം എ, S/o മുഹമ്മദ്, നന്തിയാനത്തയിൽ ഹൗസ്, പുന്നയൂർ വില്ലേജ് & ദേശം, ചാവക്കാട് താലൂക്ക്

-3-ാം വിധി കടക്കാരൻ

മേൽ നമ്പറിൽ 3-ാം വിധി കടക്കാരനുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ വിധി നടത്തു ഹരജി **30-10-2026** തിയ്യതിക്ക് വിചാരണയ്ക്ക് വെച്ചിട്ടുള്ളതും അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരാകേണ്ടതും അല്ലാത്തപക്ഷം 3-ാം വിധി കടക്കാരനെ കൂടാതെ ഹരജി തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 5-10-2026
വിധി ഉടമ ഭാഗം അഡ്വക്കേറ്റ്
**വി. വിജയകുമാർ** (ഒപ്പ്)




RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4



## പല്ലാവൂർ ഗുരുസ്മൃതി അവാർഡ്, തൃപ്പേക്കുളം പുരസ്കാരം കലാനിലയം കുഞ്ചുണ്ണിക്കും, കുട്ടനെല്ലൂർ രാജൻ മാരാർക്കും സമർപ്പിക്കും



ഇരിങ്ങാലക്കുട : ദേശീയ പല്ലാവൂർ താളവാദ്യോത്സവത്തിന്റെ ഭാഗമായി പല്ലാവൂർ ആസ്വാദകസമിതിയുടെ പല്ലാവൂർ ഗുരുസ്മൃതി അവാർഡ് പ്രസിദ്ധ തിമില പ്രമാണി കുട്ടനെല്ലൂർ രാജൻ മാരാർക്കും, തൃപ്പേക്കുളം അച്ചുതമാരാർ പുരസ്കാരം കഥകളി ചെണ്ട വാദകൻ കലാനിലയം കുഞ്ചുണ്ണിക്കും സമർപ്പിക്കും. 30,000/ രൂപ, പ്രശസ്തി പത്രം, ഫലകം എന്നിവ അടങ്ങുന്നതാണ് പുരസ്കാര തുകകൾ.

മോഹനൻ പൊതുവാൾ, രമേശൻ നമ്പീശൻ, രാജേന്ദ്രവർമ്മ എന്നിവരടങ്ങുന്ന അവാർഡു നിർണ്ണയ സമിതിയാണ് ഇവരെ തെരഞ്ഞെടുത്തത്.

ആറു പതിറ്റാണ്ടുകളായി കഥകളി ചെണ്ടയിൽ ശോഭിച്ചു നിൽക്കുന്ന കലാനിലയം കുഞ്ചുണ്ണി, ഉണ്ണായിവാരിയർ സ്മാരക കലാനിലയത്തിന്റെ മുൻ പ്രിൻസിപ്പാൾ, കേരള കലാമണ്ഡലം ചെണ്ടവിഭാഗത്തിലെ വിസിറ്റിംഗ് പ്രൊഫസർ എന്നീ തസ്തിക കൾ അലങ്കരിച്ചിട്ടുണ്ട്. ഗുരു ചെങ്ങന്നൂർ രാമൻപിള്ള, കലാമണ്ഡലം കൃഷ്ണൻ നായർ, മാങ്കുളം വിഷ്ണുനമ്പൂതിരി, ഹരിപ്പാട് രാമകൃഷ്ണപ്പിള്ള, പള്ളിപ്പുറം ഗോപാലൻനായർ, കലാമണ്ഡലം രാമൻകുട്ടിനായർ, കലാമണ്ഡലം ഗോപി തുടങ്ങിയ അതുല്യ കലാകാരന്മാരോടൊപ്പം നിരവധി അരങ്ങുകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

കലാനിലയം അപ്പുമാരാർ, കലാമണ്ഡലം കൃഷ്ണൻ കുട്ടി പൊതുവാൾ എന്നിവരുടെ ശിക്ഷണത്തിലാണ് ചെണ്ടയിൽ ഉന്നതപരിശീലനം നേടിയത്. കേരളകലാമണ്ഡലം അവാർഡ്, കേരള സംഗീത നാടക അക്കാദമി അവാർഡ്, ചാലക്കുടി കഥകളി ക്ലബ് സുവർണ്ണമുദ്ര, തൃശ്ശൂർ തിരുവമ്പാടി കൃഷ്ണൻകുട്ടി സ്മാരക സുവർണ്ണമുദ്ര, ഡോ.കെ.എൻ.പിഷാരടി സ്മരക കഥകളി പുരസ്കാരം, 2007-ൽ കലാലോകത്തിന്റെ വീരശൃംഖല, കലാമണ്ഡലം രാമൻകുട്ടി നായർ നിവാപം അവാർഡ് സന്ദർശനം നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ വെള്ളിനേഴി കുറുവട്ടൂർ സ്വദേശിയാണ്.

# കവിയും ചിത്രകാരനും സാംസ്കാരിക പ്രവർത്തകനുമായിരുന്ന പി.ടി.എൽ.



കവിയും സാഹിത്യ-സാംസ്കാരികപ്രവർത്തകനുമായിരുന്ന പി.ടി.എൽ. (പി.ടി. ലാസർ മാസ്റ്റർ) നിര്യാതനായിട്ട് 2026 ഒക്ടോബർ 12 ന് 34 വർഷം പൂർത്തിയാകുകയാണ്. കലാ-സാഹിത്യസാംസ്കാരികരംഗങ്ങളിൽ അതുല്യസംഭാവനകളും ഊർജ്ജസ്വലമായ നേതൃത്വവും കാഴ്ചവെച്ച അദ്ദേഹം അധികം അറിയപ്പെടാതെ കടന്നുപോയ കാവ്യപ്രതിഭയായിരുന്നു.

1922 ജനുവരി 28 ന് കോട്ടപ്പടിയിൽ പുലിക്കോട്ടിൽ തോമസിന്റെയും താണ്ടമ്മയുടെയും മകനായി ജനിച്ച ലാസർ കേച്ചേരി, വേലൂർ, ചാവക്കാട് ബോർഡ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. പിന്നീട് ഡ്രോയിംഗിൽ ഡിപ്ലോമയും മദ്രാസ് യൂണിവേഴ്സിറ്റിയുടെ മലയാളം വിദ്വാനും പാസ്സായി. ഡ്രോയിംഗ് അദ്ധ്യാപകനായും പിന്നീട് ഭാഷാദ്ധ്യാപകനായും വിവിധ ഹൈസ്കൂളുകളിൽ ജോലി നോക്കി. 1968-ൽ കുന്ദംകുളം ഗവ. ഹൈസ്കൂളിൽ നിന്നാണ് വിരമിച്ചത്. സ്ഥിരതാമസം എരനെല്ലൂരായിരുന്നു.

1965-ൽ രൂപീകൃതമായ തൃശൂരിലെ പ്രമുഖ സാഹിത്യ സാംസ്കാരികസംഘടനയായ സഹൃദയവേദിയുടെ പ്രസിഡണ്ടായി. 1970 മുതൽ 74 വരെ സേവനമനുഷ്ഠിച്ചു. കുറേക്കാലം എക്സി. അംഗമായും ഉപദേശകസമിതിയംഗമായും പ്രവർത്തിക്കുകയുണ്ടായി. സഹൃദയവേദിക്ക് 60 വർഷത്തിനുള്ളിൽ 6 പ്രസിഡണ്ടുമാരാണുണ്ടായിട്ടുള്ളത്. പ്രൊഫ. കെ.പി. നാരായണപ്പിഷാരടി, പി.ടി.എൽ., പ്രൊ. കെ.കെ. രാഹുലൻ, ഡോ. ഷൊർണ്ണൂർ കാർത്തികേയൻ, പി.വി. ഗംഗാധരൻ, ഡോ. പി. എൻ. വിജയകുമാർ. 1992-ൽ പി.ടി. എല്ലിന്റെ കവിതാഗ്രന്ഥത്തിന് (മലയുടെ മടിത്തട്ടിൽ) വി.സി. പാറപ്പുറത്ത് സപ്തതി അവാർഡ് നല്കി സഹൃദയ വേദി രജതജൂബിലി സമ്മേളനത്തിൽ ആദരിക്കുകയുണ്ടായി.

അദ്ദേഹത്തിന്റെ മറ്റൊരു പ്രവർത്തനരംഗമായിരുന്നു തൃശൂർ കലാസദൻ. 1979 മുതൽ 84 വരെ ഇതിന്റെ പ്രസിഡണ്ടായിരുന്നു. മേരിവിജയം മാസികയുടെ പത്രാധിപ സമിതിയംഗമായി 25 വർഷം പ്രവർത്തിക്കുകയുണ്ടായിട്ടുണ്ട്. 1993-ൽ സാഹിത്യ സാംസ്കാരികപ്രവർത്തകനുള്ള മേരിവിജയം ദർശന അവാർഡ് അദ്ദേഹത്തിനു മരണാനന്തരബഹുമതിയായി നല്കുകയുണ്ടായി.

മറ്റൊരു സാംസ്കാരികപ്രവർത്തനരംഗം അഖില കേരള അക്ഷരശ്ലോകപരിഷത്തായിരുന്നു. ഇതിന്റെ എക്സി. അംഗമായി നിരവധി വർഷം പ്രവർത്തിച്ചിരുന്നു.

കഥയും കവിതയുമായി ഇരുപതോളം കൃതികൾ അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മനഃസാക്ഷി, മേക്കാമോതിരം, കസലാസ് വഞ്ചി (കഥാസമാഹാരം), അമ്മയും മകളും, കൃഷിക്കാരൻ, ആ വിളി, കാട്ടരുവി, ഓണം വന്നാലും ഉണ്ണി പിറന്നാലും, മലയുടെ മടിത്തട്ടിൽ, സമർപ്പണം (കവിതാസമാഹാരം), തീർത്ഥാടനം (തൂലികാചിത്രങ്ങൾ) എന്നിവയാണ് പ്രമുഖ കൃതികൾ. ഇതിൽ കാട്ടരുവി 1981-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ബി.എ.ക്ക് ടെക്സ്റ്റായിരുന്നു. ചില കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുമുണ്ട്. 2012 മുതൽ പി.ടി.എൽ. ന്റെ പേരിൽ സഹൃദയവേദി മികച്ച കവിതാഗ്രന്ഥത്തിന് അവാർഡ് നല്കി വരുന്നുണ്ട്. അദ്ദേഹത്തിന്റെ മക്കളാണ് ഇത് സ്പോൺസർ ചെയ്തിട്ടുള്ളത്.

മാസ്റ്ററുടെ ഭാര്യ റോസക്കുട്ടി 1991-ൽ നിര്യാതയായി. മക്കൾ: എൻ.സി.സി. റിട്ട. ഓഫീസ് സൂപ്രണ്ട് ടോമി (കരാഞ്ചിറ), ക്ലാരമഠത്തിലെ അംഗമായ സിസ്റ്റർ മേഴ്സി (കഴിഞ്ഞ വർഷം നിര്യാതയായി) റിട്ട. മെഡിക്കൽ റെപ്രസെന്ററ്റീവായ രാജു (നെല്ലിക്കുന്ന്), ചെമ്മണ്ണൂർ സ്കൂൾ റിട്ട. അധ്യാപകനായ ജോയ് (എരുനെല്ലൂർ) എന്നിവരാണ്. 12 ന് തിങ്കളാഴ്ച രാവിലെ 9.30 ന് സാഹിത്യ അക്കാദമി സ്മൃതി മണ്ഡപത്തിൽ സഹൃദയവേദി നടത്തുന്ന അനുസ്മരണം സാഹിത്യ അക്കാദമി സെക്രട്ടറി എം.പി. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നതാണ്.

**-ബേബി മൂക്കൻ**

## കൂടിയാട്ടം കേന്ദ്രയുടെ പുതിയ പ്രൊജക്ട് ഡയറക്ടർ രജനീഷ് ചാക്യാർ



കേന്ദ്ര സാംസ്കാരികവകുപ്പ് സംഗീത നാടക അക്കാദമി കൂടിയാട്ടം കേന്ദ്രയുടെ പുതിയ പ്രൊജക്ട് ഡയറക്ടറായി പ്രശസ്ത കൂടിയാട്ട കലാകാരൻ ഡോ. അമ്മന്നൂർ രജനീഷ് ചാക്യാർ നിയമിതനായി. ഭാരതസർക്കാരിന്റെ കീഴിൽ കൂടിയാട്ടത്തെ സംരക്ഷിയ്ക്കാൻ ഏക സ്ഥാപനമാണ് കൂടിയാട്ടം കേന്ദ്ര. തിരുവനന്തപുരത്താണ് പ്രവർത്തിക്കുന്നത്. ഇരിങ്ങാലക്കുട ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിലെ പാരമ്പര്യ കൂടിയാട്ട അനുഷ്ഠാനത്തിന്റെ അവകാശികളായ അമ്മന്നൂർ ചാക്യാർ കുടുംബത്തിലെഅംഗവും കൂടിയാട്ട കുലപതി പത്മഭൂഷൺ ഡോക്ടർ അമ്മന്നൂർ മാധവ ചാക്യാരുടെയും അമ്മന്നൂർ കുട്ടൻ ചാക്യാരുടെയും അനന്തരവനും ശിഷ്യനും ആയ രജനീഷ് കൂടിയാട്ടത്തിൽ പുരുഷ വേഷത്തിൽ കേരള കലാമണ്ഡലത്തിൽ നിന്ന് ആദ്യ ഗവേഷണബിരുദം നേടിയ കലാകാരൻ കൂടിയാണ്.

## കേരളത്തിലെ തൊഴിലാളികൾക്കും തൊഴിൽ സംരക്ഷണം വേണം: എച്ച് എം എസ്

ആമ്പല്ലൂർ: കെട്ടിട നിർമ്മാണ മേഖലയിൽ ഉൾപ്പെടെ മുഴുവൻ തൊഴിൽ മേഖലകളിലും അന്യസംസ്ഥാന തൊഴിലാളികൾക്കൊപ്പം കേരളത്തിലെ തൊഴിലാളികൾക്കും തൊഴിൽ സംരക്ഷണം വേണമെന്ന് ജനത കൺസ്ട്രക്ഷൻ ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ എച്ച് എം എസ് പുതുക്കാട് നിയോജക മണ്ഡലം കമ്മിറ്റി യോഗം ആവശ്യപ്പെട്ടു 13 മാസത്തോളമായി കുടിശ്ശികയായ ക്ഷേമനിധി പെൻഷനും ആനുകൂല്യങ്ങളും കുടിശ്ശിക തീർത്തു നൽകണമെന്നും പെൻഷൻ 5000 രൂപയാക്കി ഉയർത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

അഡ്വക്കറ്റ് ഷാജൻ മഞ്ഞളി എൻ കെ രവീന്ദ്രൻ ഐ പി കുട്ടൻ പി വി അനിൽകുമാർ മേനോൻ അഡ്വക്കേറ്റ് ടി ഐ സേവിയർ വി ആർ അജിത് കുമാർ റപ്പായി ആളൂക്കാരൻ എം വി വാസു പി വി ജയൻ സന്തോഷ് അള ഗപ്പനഗർ എം വി പ്രദീപ് ശശി തമിഴ് നാട്ടുകാരൻ തുടങ്ങിയവർ സംസാരിച്ചു.

## കേരള കോൺഗ്രസ് ജന്മദിനം ആഘോഷിച്ചു



ഇരിങ്ങാലക്കുട: കേരള കോൺഗ്രസിന്റെ 63 -ാം ജന്മദിനാഘോഷം ഇരിങ്ങാലക്കുടയിൽ ഡെപ്യൂട്ടി ചെയർമാൻ അഡ്വ. തോമസ് ഉണ്ണിയാടൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട നിയോജക മണ്ഡലം പ്രസിഡണ്ട് റോക്കി ആളൂക്കാരൻ അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, ജില്ലാ സെക്രട്ടറിമാരായ പി. ടി ജോർജ്, സേതുമാധവൻ പറയീവളപ്പിൽ, സിജോയ് തോമസ്, കെ.സതീഷ് കാട്ടൂർ, ജ്യോതിഷ് കുമാർ, സംസ്ഥാന ഭാരവാഹിയായ ജോയ് എടാട്ടുകാരൻ, ലോയേഴ്സ് കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് അഡ്വ.സജി റാഫേൽ, വിൽസൺ മേച്ചേരി, ജോൺ മുണ്ടൻമാണി, ഉണ്ണി വിയ്യൂർ, അഡ്വ. ലിജോ ജോൺ, ഷൈനി ജോജോ, ഇ.ജെ. വത്സൻ, വിനീത് വിൻസന്റ്, സി.കെ.വിനോദ് പ്രസംഗിച്ചു.

# ജി.ആർ.എഫ്.ടി.എസ്. നവീകരണം: ജനുവരി മാസത്തോടെ പൂർത്തിയാവും



ചാവക്കാട്: റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ നവീകരണ പ്രവൃത്ത്യാവലോകനയോഗം ഗുരുവായൂർ എം.എൽ.എ. എൻ.കെ. അക്ബറിൻറെ അദ്ധ്യക്ഷതയിൽ ചാവക്കാട് പൊതുമരാമത്ത് റെസ്റ്റ് ഹൌസിൽ ചേർന്നു. ചാവക്കാട് നഗരസഭ ചെയർപേഴ്സൺ എ.എഛ്. അക്ബർ യോഗത്തിൽ പങ്കെടുത്തു.

2.64 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക്2025 നവംബറിൽ ആദ്യ ഘട്ടമായി അനുമതി ലഭിച്ചിരുന്നതിൽ, നിലവിലുള്ള ഹോസ്റ്റൽ ബിൽഡിംഗ്, മെസ് ഹാൾ, ഓഫീസ് ബ്ലോക്ക്, ലാബ് കെട്ടിടം, എന്നിവയുടെ നവീകരണം പൂർത്തീകരിച്ചതായി നിർവ്വഹണ ചുമതലയുള്ള തീരദേശ വികസന കോർപ്പറേഷൻ റീജിയണൽ മാനേജർ യോഗത്തെ അറിയിച്ചു.

പഴയ കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റലും മരങ്ങൾ മുറിക്കുന്നതിനുള്ള നടപടികളും പൂർത്തിയായതായും മരം മുറിച്ച് മാറ്റി പുതിയ ക്ലാസ്സ് മുറികൾ, കൌൺസിൽ ഹാൾ, ഗേറ്റ് , ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും ജനുവരിമാസത്തോടെ മുഴുവൻ നിർമ്മാണ പ്രവൃത്തിയും പൂർത്തിയാക്കാമെന്നും തീരദേശവികസന കോർപ്പറേഷൻ അസി.എക്സി.എഞ്ചിനീയർ അറിയിച്ചു. കുട്ടികൾക്കുള്ള കളിസ്ഥല നവീകരണം വളരെ പ്രാധാന്യമുള്ളതാണെന്നും അവ വേഗത്തിൽ ചെയ്ത് തീർക്കാനും രണ്ടാംഘട്ടത്തിൽ ഓഡിറ്റോറിയം സ്റ്റാഫ് ക്വാർട്ടേഴ്സ്, നിലം സൗന്ദര്യവത്കരണം തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തുവാനും എം.എൽ.എ. റീജിയണൽ മാനേജർക്ക് നിർദ്ദേശം നൽകി. യോഗത്തിൽ നഗരസഭ സ്റ്റാൻറിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാരായ പി.യതീന്ദ്രദാസ്, കെ.ആർ. രഞ്ജിത്ത്കുമാർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ രാജേഷ്, തീരദേശ വികസന വകുപ്പ് റീജനൽ മാനേജർ സീമ , നഗരസഭ സെക്രട്ടറി എം.സന്തോഷ്കുമാർ അടക്കമുള്ള വിവിധ വകുപ്പുദ്യോഗസ്ഥർ സന്നിഹിതരായിരുന്നു.

## ലയൺസ് ഇന്റർനാഷണൽ വേൾഡ് സർവ്വീസ് വാരം



വാടാനപ്പിള്ളി: എങ്ങണ്ടിയൂർ ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ എങ്ങണ്ടിയൂർ കരുണം പല്ലിയേറ്റീവ് സെന്ററിൽ റീജിയൺ ലെവൽ വേൾഡ് സർവീസ് വീക്ക് Hunger project ഡിസ്ട്രിക്ട് കോഓർഡിനേറ്റർ ലയൺ PMJF ഷാജി കെ പി എങ്ങണ്ടിയൂർ ലയൺസ് ക്ലബ്പ്രസിഡന്റ് ലയൺ MJF ശിവദാസൻ ഇ എസ്സിന്റെ അധ്യക്ഷതയിൽ ഉൽഘാടനം ചെയ്തു. റീജിയൺ ചെയർമാൻ ലയൺ പീതാംബരൻ രാരമ്പത് മുഖ്യ അതിഥിയായി പങ്കെടുത്തു. സോൺ ചെയർമാൻ ലയൺ MJF ഹരിലാൽ അപ്പുകുട്ടൻ പദ്ധതി വിശദീകരണം നടത്തി.തളിക്കുളം ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ MJF നന്ദകുമാർ കുനിയത്, വെങ്കിടങ്ങ് ലയൺസ് ക്ലബ്ബ് പ്രസിഡന്റ് ലയൺ വേണു വേലായുധൻ, നാട്ടിക ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ വാസൻ കോഴിപ്പറമ്പിൽ, ക്ലോത് ബാങ്ക് കോഓർഡിനേറ്റർ ലയൺ ക്യാപ്റ്റൻ രാധാകൃഷ്ണൻ എന്നിവർ ആശംസകൾ നേർന്നു . ലയൺസ് ക്ലബ്ബുകളിലെ ഒട്ടേറെ മെമ്പർമാർ പങ്കെടുത്തു. കരുണം പാല്ലിയേറ്റീവ് കോഓർഡിനേറ്റർ സജിനി ചന്ദ്രൻ നന്ദി പറഞ്ഞു.

## ലോക മാനസികാരോഗ്യ ദിനാചരണം

തൃശൂർ: ലോക മാനസികാരോഗ്യ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം രാജൻ ജെ. പല്ലൻ എം.എൽ.എ. നിർവഹിച്ചു. തൃശൂർ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ തൃശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ അധ്യക്ഷത വഹിച്ചു. എം.എൽ.എയുടെ 2024-25 എസ്.ഡി. ഫണ്ട് ഉപയോഗിച്ച് ലഭ്യമാക്കിയ ആംബുലൻസിന്റെ ഫ്ളാഗ് ഓഫും രാജൻ ജെ. പല്ലൻ എം.എൽ.എ. നിർവ്വഹിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എം. സുജാത ദിനാചരണ സന്ദേശം നൽകി. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജിൽഷോ ജോർജ് വിഷയ അവതരണം നടത്തി. സർക്കാർ മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് ഡോ. കെ.ആർ. ബേബി ലക്ഷ്മി സ്വാഗതവും ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. സുജ അലോഷ്യസ് കൃതജ്ഞതയും രേഖപ്പെടുത്തി. സൈക്യാട്രി വിഭാഗം സീനിയർ കൺസൾട്ടന്റ് എസ്.വി. സുബ്രഹ്മണ്യൻ, സൈക്യാട്രി കൺസൾട്ടന്റ് ഡോ. കെ.എസ്. ശാഗിന എന്നിവർ ബോധവൽക്കരണ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ഉദ്ഘാടനത്തോടനുബന്ധിച്ച് ജില്ലാ വാക്സിൻ സ്റ്റോറിൽ നിന്ന് മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് സംഘടിപ്പിച്ച ബോധവൽക്കരണ റാലി ഡി.എം.ഒ ഫ്ലാഗ് ഓഫ് ചെയ്തു. തുടർന്ന് മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസികളും മദർ കോളേജ് ഓഫ് നഴ്സിംഗ്, അശ്വിനി കോളേജ് ഓഫ് നഴ്സിംഗ് എന്നിവിടങ്ങളിലെ വിദ്യാർത്ഥിനികളും വിവിധ ബോധവൽക്കരണ കലാപരിപാടികൾ അവതരിപ്പിച്ചു.

## ടി വി യുടെ സ്ക്രീനിൽ ലൈനുകൾ, വില 24454 രൂപ 40 പൈസയും കൂടെ 25000 രൂപയും നൽകുവാൻ വിധി

തൃശൂർ: ടി വി യുടെ തകരാർ ആരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ അയ്യന്തോൾ സ്വദേശി കാക്കനാടൻ വീട്ടിൽ രമേശ് കെ. കെ. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂരിലെ പാറയിൽ ഏജൻസീസ് ഉടമക്കെതിരെയും കൊച്ചിയിലെ ഷാർപ്പ് ബിസിനസ് സിസ്റ്റംസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെയും ഇപ്രകാരം വിധിയായത്.ഹർജിക്കാരൻ വാങ്ങിയ ടി വി ഉപയോഗിച്ചു വരവെ സ്ക്രീനിൽ ലൈനുകൾ വരുന്ന തകരാർ കാണപ്പെട്ടു.ഇത് സ്ക്രീനിലെ കാഴ്ച മറക്കുകയും ചിത്രങ്ങൾ കാണുവാനാവാത്ത അവസ്ഥ വരുത്തുകയും ചെയ്തു.

പരാതിപ്പെട്ടിട്ടും ഫലമുണ്ടായില്ല. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. കോടതി നിയോഗിച്ച വിദഗ്ദ കമ്മീഷണർ പരിശോധന നടത്തി തകരാറുകൾ റിപ്പോർട്ട് ചെയ്യുകയുണ്ടായിട്ടുള്ളതാകുന്നു. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി എതിർകക്ഷികളുടെ സേവനത്തിലെ വീഴ്ച വിലയിരുത്തി, രണ്ടാം എതിർകക്ഷിയായ ഷാർപ്പ് കമ്പനിയോട് 24454 രൂപ 40 പൈസയും ഇരു എതിർകക്ഷികളും ചേർന്ന് നഷ്ടപരിഹാരമായി 15000 രൂപയും ചിലവിലേക്ക് 10000 രൂപയും നല്കുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

## പൗരോഹിത്യത്തിന്റെ ജൂബിലി സ്മാരകം; ഇടവകയിലെ കുടുംബത്തിന് വീട് നിർമിച്ച് നൽകി



ഇരിങ്ങാലക്കുട: പൗരോഹിത്യജീവിതത്തിന്റെ ജൂബിലി ആഘോഷങ്ങൾക്ക് കാരുണ്യത്തിന്റെ സ്മരണീയ അധ്യായം സമ്മാനിച്ച് സെന്റ് തോമസ് കത്തീഡ്രൽ ഇടവക. കത്തീഡ്രൽ വികാരി റവ.ഡോ. ലാസർ കുറ്റിക്കാടന്റെ പൗരോഹിത്യ റൂബി ജൂബിലി സ്മാരകമായി ഇടവകയിലെ കുടുംബത്തിന് സ്നേഹഭവനം നിർമിച്ചു നൽകി. വീടെന്ന സ്വപ്നം യാഥാർഥ്യമാക്കാൻ കഴിയാതെ പ്രയാസത്തിലായിരുന്ന കുടുംബത്തിനാണ് കത്തീഡ്രൽ ഇടവകയുടെ നേതൃത്വത്തിൽ പുതിയ വീട് നിർമിച്ചു നൽകിയത്. പുതിയ വീടിന്റെ വെഞ്ചരിപ്പ് കർമം ജൂബിലി ആഘോഷിക്കുന്ന കത്തീഡ്രൽ വികാരി റവ.ഡോ. ലാസർ കുറ്റിക്കാടൻ നിർവഹിച്ചു. സ്വന്തമായി ഒരു വീട് എന്ന സ്വപ്നം യാഥാർഥ്യമായതിന്റെ സന്തോഷത്തിലാണ് കുടുംബം. കാരുണ്യവും സഹോദരസ്നേഹവും ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്രയാണെന്ന സന്ദേശം ഉയർത്തിപ്പിടിക്കുന്നതാണ് ഈ ഭവനസമ്മാനം. ആശീർവാദ ചടങ്ങിൽ കത്തീഡ്രൽ ട്രസ്റ്റി ജോമി ചേറ്റുപുഴക്കാരൻ, മുൻ ട്രസ്റ്റി തോമസ് തൊകലത്ത് എന്നിവർ സംസാരിച്ചു.

## ഒക്ടോബർ 9 ലോക തപാൽ ദിനം



എളവള്ളി : ലോക തപാൽ ദിനത്തിൽ തപാൽ സേവനങ്ങളെ പരിചയപ്പെട്ടും,

കേരളത്തെ ലഹരി വിമുക്തമാക്കാൻ സർക്കാർ നടത്തുന്ന തൂഫാൻ പോലെയുള്ള പരിപാടികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചും എളവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ എൻഎസ്എസ് വിദ്യാർത്ഥികൾ രംഗത്തെത്തി.

ലോക തപാൽ ദിനത്തിൽ സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പൽ വിജി സി എ സെമിനാർഉദ്ഘാടനം ചെയ്തു. എൻ. എസ്. എസ് കോഡിനേറ്റർ ധന്യ എംഎം അധ്യക്ഷത വഹിച്ച യോഗത്തിൽ മറ്റം സെന്റ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകനായ പി.ജെ സ്റ്റൈജു തപാൽസേവനങ്ങളെ കുറിച്ച് ക്ലാസ് എടുത്തു. തുടർന്ന് തൂഫാൻ , തണ്ടർ പദ്ധതികളിലൂടെ കേരളത്തിലെ ക്യാമ്പസുകളെ ലഹരി വിമുക്തമാക്കാൻ അഹോരാത്രം പരിശ്രമിക്കുന്ന ആഭ്യന്തരമന്ത്രിക്കും ഡിജിപിക്കും അയ്ക്കാനായി എൻഎസ്എസ് വളണ്ടിയർമാർ അനുമോദന കാർഡുകൾ തയ്യാറാക്കി. സെമിനാറിന് ശേഷം ലഹരി വിമുക്ത പ്രതിജ്ഞയും ഉണ്ടായി. മേജർ പി ജെ സ്റ്റൈജു പ്രതിജ്ഞ ചൊല്ലി കൊടുത്തു.അധ്യാപകരായ അഖിൽ കെ ആർ,ധന്യ എം എം , രാജേഷ് പി ജി, ജയേഷ് കെ സി, ലിനറ്റ് ജോർജ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി

## സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം; ജില്ലാതല സമ്മേളനം സംഘടിപ്പിച്ചു

തൃശൂർ: പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ'പുതുയുഗ വഴിയിൽ നാമുയരുന്നു. നാടുണരുന്നു' എന്ന മുദ്രാവാക്യമുയർത്തി ഒക്ടോബർ രണ്ട് മുതൽ 15 വരെ സംഘടിപ്പിക്കുന്ന സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ജില്ലാതല സമ്മേളനത്തിന്റെയും സെമിനാറിന്റെയും ഉദ്ഘാടനം രാജൻ ജെ. പല്ലൻ എം.എൽ.എ നിർവ്വഹിച്ചു.

തൃശ്ശൂർ ടൗൺ ഹാളിൽ നടന്ന പരിപാടിയിൽ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഐക്യദാർഢ്യ സന്ദേശം നൽകി. വിവിധ മേഖലകളിൽ മികച്ച വിജയം കൈവരിച്ചവരെ പരിപാടിയിൽ ആദരിച്ചു. മാള ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ എം. മേഘ വകുപ്പ് പദ്ധതികളെക്കുറിച്ച് വിശദീകരണം നടത്തി.


### കോടതി പരസ്യം

**ബഹു, കുന്നംകുളം കുടുംബ കോടതി മുമ്പാകെ**

**O.P 1312/2023**

ചാവക്കാട് താലൂക്ക്, പുന്നയൂർ വില്ലേജ്, ദേശത്ത്, എടക്കര പി.ഒ, പിൻ-680 518 താമസക്കാർ

1 ചാക്യം പറമ്പിൽ അലി മകൾ അസ്ന

2. മൈനർ മുഹമ്മദ് അമീൻ എന്നവർക്കുവേണ്ടി ഉറ്റബന്ധു മാതാവും രക്ഷിതാവുമായ 1-ാം ഹർജിക്കാരി അസ്ന

-ഹർജിക്കാർ

തൃശ്ശൂർ ജില്ല, ചാവക്കാട് താലൂക്ക്, പാവറട്ടി വില്ലേജ്, പാങ്ങ് ദേശത്ത്, പി.ഒ പാവറട്ടി, പിൻ 680 507, കറുപ്പംവീട്ടിൽ കമറുദ്ദീൻ ഭാര്യ റംസി

-5-ാം എതൃകക്ഷി

മേൽ നമ്പ് കേസിലെ 5-ാം എതൃകക്ഷി പേരിൽ സമൻസ് പതിച്ചു നടത്തുവാൻ അനുവദിച്ച് ഉത്തരവായി കേസ് **01-12-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആയതിൽ ആർക്കെങ്കിലും, ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം കാലത്ത് 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്.

എന്ന് 03-10-2026

ഹർജി ഭാഗം അഡ്വക്കെറ്റ്

**എം എ ബിജു** (ഒപ്പ്)



### കോടതി പരസ്യം

**ബഹു.തൃശ്ശൂർ മുൻസിഫ് കോടതി മുമ്പാകെ**

**S.O.P No. 18 /2026**

1. രാധിക മേനോൻ എൻ
2. രോഷ്നി മേനോൻ Rep. By P.A. Holder രാധിക മേനോൻ എൻ
3. രോഹിത് കൃഷ്ണനുണ്ണി Rep. By P.A. Holder രാധിക മേനോൻ എൻ

-ഹർജിക്കാർ

മേൽ നമ്പ്രിൽ 1, 2, 3 ഹർജിക്കാരുടെ അച്ഛൻ മരിച്ച രാധാകൃഷ്ണൻ ഉണ്ണി കെ മേനോൻ @ ആർ കെ മേനോൻ എന്നിവരുടെ പേരിൽ ആദിത്യ ബിർള ഗ്രൂപ്പിന്റെ ഗ്രാസിം ഇന്റസ്ട്രീസ് ലിമിറ്റഡിന്റെ 440 ഷെയറുകളും, അൾട്രാടെക് സിമന്റ്സ് ലിമിറ്റഡിന്റെ 50 ഷെയറുകളും, റെയ്ൻ ഇന്റസ്ട്രീസ് ലിമിറ്റഡ് (പ്രിയദർശിനി ഇന്റസ്ട്രീസ് ലിമിറ്റഡ്) ന്റെ 2000 ഷെയറുകളും, ആദിത്യ ബിർള കാപ്പിറ്റൽ ലിമിറ്റഡിന്റെ 616 ഷെയറുകളും, 1, 2, 3 ഹർജി ക്കാരുടെ അച്ഛന്റെ പേരിൽ നിന്നും അമ്മ ഉഷ രാധാകൃഷ്ണൻ എന്നിവരുടെ പേരിലേക്ക് മാറ്റിയ VIP ഇന്റസ്ട്രീസ് ലിമിറ്റഡിന്റെ 1250 ഷെയറുകളും, മരിച്ച രാധാകൃഷ്ണണൻ ഉണ്ണി കെ മേനോൻ @ ആർ കെ മേനോന്റെയും ഭാര്യ ഉഷ രാധാകൃഷ്ണണന്റേയും നിയമപരമായ അവകാശികളായ 1, 2, 3 ഹർജിക്കാർക്ക് ലഭിക്കുന്നതിന് വേണ്ടി ഫയൽ ചെയ്ത മേൽ നമ്പ് ഹർജി **01-12-2026** തിയതിക്കു വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമു ണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കണമെന്ന് അറിയിച്ചു കൊള്ളുന്നു.

എന്ന്, 2026 ഒക്ടോബർ 9-ാം തിയതി

ഹർജി ഭാഗം

**അഡ്വ : ഇ.ബി. ഷാജി** (ഒപ്പ്)



### കോടതി പരസ്യം

**ബഹു. തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ**

**O.P 1901/2024**

രംഗലക്ഷ്മി, D/o രവീന്ദ്രൻ, ഓളിപറമ്പിൽ ഹൗസ്,എളങ്കുന്നപ്പുഴ വില്ലേജ്, കൊച്ചി താലൂക്ക്, ഇപ്പോൾ താമസം, നിർമ്മലബാബു, നന്ദനം ഹൗസ്, കാനാട്ടുകര, അയ്യന്തോൾ വില്ലേജ്, തൃശ്ശൂർ

-ഹർജിക്കാരി

പ്രദീപ്, S/oകുമാരൻ അരവീട്ടിൽ, കോതകുളംബീച്ച്, വലപ്പാട് വിലേജ്, ചാവക്കാട് താലൂക്ക്, തൃശ്ശൂർ.

-എതൃകക്ഷി

മേൽ നമ്പർ കേസ്സിൽ ഹർജിക്കാരിയും, എതൃകക്ഷിയും, തമ്മിൽ 30-04-2006 തിയ്യതിയുണ്ടായ വിവാഹം നിയമം മൂലം വേർപ്പെടുത്തി കിട്ടുന്നതിനുവേണ്ടി ബോധിപ്പിച്ചിരിക്കുന്ന ഹർജിയിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കല്പനടിയാന്റെ വാസസ്ഥലത്തും, കോടതിയിലും പത്രത്തിലും പതിച്ചു നടത്തുവാൻ കല്പിച്ച് **07-12-2026**ന് വിചാരണക്ക് വെച്ചിട്ടുള്ളളതും ആയതിൽ ആർക്കെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ അന്നേ ദിവസം കാലത്ത് 11 മണിക്ക് ബഹു: കോടതി മുമ്പാകെ ഹാജാരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഹർജി നിങ്ങളെ കൂടാതെ തീർപ്പു കല്പിക്കുന്നതാണന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 09-10-2026

ഹരജി ഭാഗം അഡ്വ:

**സി.ആർ.അനിരുദ്ധൻ** (ഒപ്പ്)



### കോടതി പരസ്യം

**ബഹു.ചിട്ടി രജിസ്ട്രാർ/ചിട്ടി ആർബിട്രേറ്റർ ഉത്തരമേഖല തൃശ്ശൂർ മുമ്പാകെ**

**ARB OP 1088/2025**

ജനനീതി കുറീസ് പ്രൈവറ്റ് ലിമിറ്റഡ് കല്ലൂർ Rep. by ഡയറക്ടർ കല്ലൂർ വില്ലേജ് കോട്ടായി ദേശത്ത് പുളിപറമ്പിൽ ശങ്കരനാരായണൻ മകൻ പെൻഷണർ തിലകൻ

-ഹർജിക്കാർ

മുകുന്ദപുരം താലൂക്ക് കല്ലൂർ വില്ലേജ് ഭരത ദേശത്ത് തേങ്ങാമച്ചി സുബ്രൻ മകൻ വിഷ്ണു

മുകുന്ദപുരം താലൂക്ക് കല്ലൂർ വില്ലേജ് മുസ്ലീംപള്ളി ദേശത്ത് കോളമേത്ത് സുകുമാരൻ മകൻ 37 വയസ്സ് സുജിത്ത് കുമാർ

1, 3 എതൃകക്ഷികൾ

കുറിജാമ്യക്കരാർ പ്രകാരം പ്രതികൾ പക്കൽ നിന്നും വാദി സ്ഥാപനത്തിലേക്ക് ലഭിക്കേണ്ട സംഖ്യക്കും പലിശക്കുമാണ് മേൽ നമ്പ്ര് കേസ് ഫയൽ ചെയ്തിട്ടുള്ളത്. കേസിൽ 1, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് നടന്നിട്ടില്ല. ടിയാൻ മനഃപ്പൂർവ്വം നോട്ടീസ് കൈപറ്റാതെ ഒഴിഞ്ഞുമാറി നടന്നു വരുന്നതായി അറിയുന്നു. ആകയാൽ മേൽ നമ്പ്ര് കേസിലെ 1, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥ ലത്തും പതിച്ച് പത്രപരസ്യം ചെയ്യാൻ കല്പിച്ച് മേൽ നമ്പ് കേസ് **18-08-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുള്ളവർ അന്നേ ദിവസം കാലത്ത് 11 മണിക്ക് കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്.

എന്ന് 30-07-2026

ഹർജിഭാഗം അഡ്വക്കേറ്റ്.

**ഇ.ഐ ദേവസ്സി** (ഒപ്പ്)